# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5016 06.02.2014 - ലെ മറുപടിക്ക്

## അസിസ്റ്റന്റ് തസ്തികയിലെ നിയമനം

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ്

(എ) സെക്രട്ടേറിയറ്റ്, പി. എസ്. സി, ലോക്കൽ ഫണ്ട് ആഡിറ്റ് എന്നീ വകുപ്പുകളിൽ നിന്ന് അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട് പി.എസ്.സി. ക്ക് 2014 ജനുവരി വരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു ; ഇതിൽ എത്ര പേർക്ക് നിയമനം നൽകി; എൻ.ജെ.ഡി ഒഴിവുകൾ എത്ര; ഇത് പി.എസ്.സി. യ്ക്ക് വീണ്ടും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
ബഹു. മുഖ്യമന്ത്രി

(എ) സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട് ഏപ്രിൽ 2013 മുതൽ ഡിസംബർ 2013 വരെ 68 ഒഴിവുകളും, ജനുവരി 2014 മുതൽ ഡിസംബർ 2014 വരെ 35 ഒഴിവുകളും മുൻകൂട്ടി റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ, മാർച്ച് 2013 - ൽ 30 ഒഴിവുകൾ കൂടി റിപ്പോർട്ട് ചെയ്തു. ഇതിൽ 86 പേർ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ട്. ഇതിൽ 8 എൻ.ജെ.ഡി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സെക്രട്ടേറിയറ്റ് ധനകാര്യ വകുപ്പിൽ 2014 ജനുവരി വരെ അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട് 5 പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ 31 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 20 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. നിയമന ഉത്തരവ് ലഭിച്ച 5 പേർ കൂടി ജോലിയിൽ പ്രവേശിക്കാനുണ്ട്. 2 എൻ.ജെ.ഡി ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഇവ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തിയിട്ടുണ്ട്.

ലോക്കൽ ഫണ്ട് ആഡിറ്റിൽ 2014 ജനുവരി വരെ 25 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 19.01.2014 - ൽ പി.എസ്.സി. 19 ഉദ്യോഗാർത്ഥികളെ ഓഡിറ്റർ തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിനായി ശുപാർശ ചെയ്തിട്ടുണ്ട്. അവർക്കുള്ള നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും അസിസ്റ്റന്റ് തസ്തികയിൽ 29 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എൻ.ജെ.ഡി ഒഴിവുകൾ ഒന്നും ഉണ്ടായിട്ടില്ല.

(ബി) 2013 ആഗസ്റ്റ് 1 മുതൽ 2014 മാർച്ച് 31 വരെ എത്ര ഒഴിവുകളാണ് ഈ തസ്തികയിൽ പ്രതീക്ഷിക്കുന്നത്; ഇവ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

(ബി) സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ 2013 ആഗസ്റ്റ് 1 മുതൽ 2014 മാർച്ച് 31 വരെ 39 ഒഴിവുകൾ പി.എസ്.സി. ക്ക് മുൻകൂട്ടി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സെക്രട്ടേറിയറ്റ് ധനകാര്യ വകുപ്പിൽ 2013 ആഗസ്റ്റ് 1 മുതൽ 2014 മാർച്ച് 31 വരെ 9 പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ 2014 വർഷത്തിൽ 6 പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ